(ഡി) മരണപ്പെട്ട വിദ്യാർത്ഥിയുടെ കുടുംബത്തിന് അടിയന്തര സഹായമായി ആറ്റിങ്ങൽ പോളി പി.റ്റി.എ.-യിൽ നിന്നും 21,500 രൂപയും ആട്ടോമൊബൈൽ അസോസിയേഷനിൽ നിന്നും 6000 രൂപയും നൽകുകയുണ്ടായി.

വിദൂര വിദ്യാഭ്യാസ രീതിയിൽ എൽ.എൽ.എം. കോഴ്സ്

104 (3844) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏതൊക്കെ സർവ്വകലാശാലകളാണ് വിദൂര വിദ്യാഭ്യാസ രീതിയിൽ (ഡിസ്റ്റൻസ് എജ്യൂക്കേഷൻ) എൽ.എൽ.എം. കോഴ്സ് നടത്തുന്നതെന്നും അവയിൽ ഏതൊക്കെ സർവ്വകലാശാലകൾ നടത്തുന്ന എൽ.എൽ.എം. കോഴ്സ് കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

മഹാത്മാഗാന്ധി സർവ്വകലാശാല വിദൂര വിദ്യാഭ്യാസ രീതിയിൽ ദ്വിവത്സര എൽ.എൽ.എം. കോഴ്സ് നടത്തിവരുന്നു. എന്നാൽ മറ്റു സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തുന്ന എൽ.എൽ.എം. കോഴ്സുകളൊന്നും കേരള സർവ്വകലാശാല അംഗീകരിച്ചിട്ടില്ല.

എം.ബി.ബി.എസ്.- റാങ്ക് വിവരം

105 (3845) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി 2014 ജൂൺ മാസത്തിൽ നടത്തിയ എം.ബി.ബി.എസ്. അവസാനവർഷ പരീക്ഷയുടെ റാങ്ക് വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആദ്യത്തെ അഞ്ച് റാങ്കുകൾ ആർക്കെല്ലാമാണ് ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എം.ബി.ബി.എസ്. പരീക്ഷയുടെ റാങ്ക് നിർണ്ണയിക്കുന്നതിന് ഹൗസ്സർജൻസിയും മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) 2014 ജൂൺ മാസത്തിൽ കേരള യൂണിവേഴ്സിറ്റി നടത്തിയ എം.ബി.ബി.എസ്. അവസാനവർഷ പരീക്ഷയുടെ ഒന്നാം റാങ്ക് മാത്രം പ്രസിദ്ധപ്പെടുത്തിയതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കേരള സർവ്വകലാശാല 2014 ജൂണിൽ നടത്തിയ എം.ബി.ബി.എസ്. പരീക്ഷയുടെ റാങ്ക് (ഒന്നാം റാങ്ക് മാത്രം) മൂന്നാം പ്രൊഫഷണൽ എം.ബി.ബി.എസ്. പാർട്ട് II റിസൽട്ടിനൊപ്പം പ്രൊവിഷണലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കിരൺ ജോർജ് കോശിക്കാണ് ഒന്നാം റാങ്ക്. മറ്റ് റാങ്കുകൾ റീവാല്യുവേഷൻ കഴിഞ്ഞതിനുശേഷം മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. എം.ബി.ബി.എസ്. പരീക്ഷയുടെ അന്തിമമായ റാങ്ക് പട്ടിക നിർണ്ണയിക്കുന്നതിന് ഹൗസ് സർജൻസി പൂർത്തീകരണം മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പോലീസ് ഐ.ജി. കോപ്പിയടിച്ച സംഭവം

106 (3846) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാല എൽ.എൽ.എം. പരീക്ഷയിൽ കോപ്പിയടി നടത്തിയതിന് ഒരു പോലീസ് ഐ.ജി.യെ ഇൻവിജിലേറ്റർ പിടികൂടിയിട്ടുണ്ടോ ; ഇദ്ദേഹം ഈ സർവ്വകലാശാലയിൽ വിജിലൻസ് വിഭാഗത്തിൽ മുമ്പ് സേവനം അനുഷ്ഠിച്ചിരുന്നോ; വ്യക്തമാക്കാമോ ;

(ബി) കോപ്പിയടി പിടിക്കപ്പെട്ടാൽ സർവ്വകലാശാല തലത്തിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കാറുള്ളത്; ഇക്കാര്യത്തിൽ അവ പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) അത് സംബന്ധിച്ച് പോലീസ് വകുപ്പിന് വിവരം നൽകിയിരുന്നോ ;

(ഡി) സർവ്വകലാശാല സിൻഡിക്കേറ്റ് ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നുണ്ടോ; സാധാരണയായി ഇത്തരം അന്വേഷണങ്ങൾ നടത്താറുള്ളതാണോ; ഇത് സംബന്ധിച്ചുള്ള കണ്ടെത്തലുകൾ എന്തായിരുന്നു ; ശിക്ഷാനടപടികൾ എന്താണ് ?

ഉത്തരം

(എ) 2015 ഏപ്രിൽ/മേയ് മാസത്തിലെ എൽ.എൽ.എം. പരീക്ഷയിൽ കളമശ്ശേരി സെന്റ് പോൾസ് കോളേജ് സെന്ററിൽ പരീക്ഷ ക്രമക്കേടിൽ ഉൾപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ട വിദ്യാർത്ഥി പരീക്ഷയ്ക്കായി സമർപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly